# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

തീയതി: 29.10.2019

## പത്രക്കുറിപ്പ്

**ഫോറസ്റ്റ് പ്ലസ്2.0 പദ്ധതിക്ക് സംസ്ഥാനത്ത് നാളെ (ഒക്ടോ.31)തുടക്കം**

പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യവും സാധ്യതകളും മുൻനിർത്തി വനഭൂപരിപാലനത്തിൽ ആവശ്യമായ പുത്തൻ സങ്കേതങ്ങൾ ഉൾക്കൊള്ളിക്കാൻ ലക്ഷ്യമിട്ട് രാജ്യത്ത് നടപ്പാക്കി വരുന്ന ഫോറസ്റ്റ് പ്ലസ് 2.0 പദ്ധതിക്ക് സംസ്ഥാനത്ത് നാളെ തുടക്കമാവും.

വനം ജലസമൃദ്ധിക്കും അഭിവൃദ്ധിക്കും എന്ന ആശയത്തിലൂന്നിയുള്ള പദ്ധതി യു എസ് എ ഐ ഡിയും കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനവകുപ്പും സംയുക്തമായാണ് നടപ്പാക്കുന്നത്. കേരളം , ബീഹാർ ,തെലുങ്കാന എന്നീ മൂന്ന് സംസ്ഥാനങ്ങളിലാണ് പദ്ധതി നടപ്പാക്കുക. കേരളത്തിൽ അഗസ്ത്യാർകൂട ജൈവവൈവിധ്യ സംരക്ഷണമേഖല ഉൾപ്പെടുന്ന തിരു.ഫോറസ്റ്റ് ഡിവിഷനിലാണ് ഫോറസ്റ്റ് പ്ലസ് 2.0 വിന് തുടക്കമാകുക. പദ്ധതിയുടെ ആദ്യഘട്ടം ഫോറസ്റ്റ് പ്ലസ് ഭൂവിനിയോഗത്തിലെ പങ്കാളിത്തം എന്ന ലക്ഷ്യത്തോടെ 2012ൽ നടപ്പിലാക്കിയിരുന്നു.

പാരിസ്ഥിതിക സേവനങ്ങളുടെ അടിസ്ഥാനത്തിലുള്ള വനഭൂപരിപാലന മാർഗങ്ങളിലൂടെ പാരിസ്ഥിതിക സാമൂഹ്യ സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

പന്ത്രണ്ട് ലക്ഷം ഹെക്ടർ ഭൂമി മെച്ചപ്പെട്ട ഭൂ ദൃശ്യപരിപാലനത്തിന് വിധേയമാക്കുക, 12 ദശ ലക്ഷം ഡോളർ മൂല്യമുള്ള പുതിയ സുസ്ഥിര വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക , 8 ലക്ഷം കുടുംബങ്ങളുടെ സാമ്പത്തിക അഭിവൃദ്ധി ഉറപ്പാക്കുക തുടങ്ങിയവയും പദ്ധതി ലക്ഷ്യംവയ്ക്കുന്നു. വനങ്ങളിൽ നിന്നുള്ള സേവനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുക, നീർത്തടങ്ങളുടെ പരിപാലനം മെച്ചപ്പെടുത്തുക, പാരിസ്ഥിതിക സേവനങ്ങളുടെ മേൽനോട്ടത്തിനും മൂല്യനിർണയത്തിനുമായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉപകരണങ്ങൾ വികസിപ്പിക്കുക തുടങ്ങിയവും പദ്ധതിയുടെ ലക്ഷ്യമാണ്.

ഫോറസ്റ്റ് പ്ലസ് 2.0ന് നാളെ(ഒക്ടോബർ 31) രാവിലെ 11-15 ന് തിരുവനന്തപുരത്ത് അപ്പോളോ ഡിമോറ ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ വനം വന്യജീവി വകുപ്പ് മന്ത്രി അഡ്വ കെ രാജു തുടക്കം കുറിക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തുന്ന സെമിനാറിൽ വിദഗ്ധർ വിഷയാതരണം

നടത്തും. യു എസ് എ ഐ ഡി (ഇന്ത്യ)ഡെപ്യൂട്ടി മിഷൻ ഡയറക്ടർ റമോണ എൽ ഹംസവോയി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വനം വന്യജീവി വകുപ്പ് അഡീ ചീഫ് സെക്രട്ടറി ഡോ.ആഷാ തോമസ്, മുഖ്യ വനം മേധാവി പി കെ കേശവൻ, മുഖ്യ വനപാലകൻ സുരേന്ദ്രകുമാർ, വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനവകുപ്പ് ഇൻസ്‌പെക്ടർ ജനറൽ നോയൽ തോമസ്, യു എസ് ഐ ഡി സീനിയർ ഫോറസ്ട്രി അഡ്വൈസർ വർഗീസ് പോൾ, ചീഫ് കൺസർവേറ്റർപ്രമോദ് ജി കൃഷ്ണൻ തുടങ്ങിയവർ പങ്കെടുക്കും. ഡോ ഉജ്ജ്വൽ പ്രധാൻ, ഡോ സഞ്ജീവ പാണ്ഡേ, ഡോ നിരഞ്ജൻ ഘോഷ്, ഡോ കിൻസുക് മിത്ര,സ്വപ്ൻ മെഹ്റ,ഡോ മനോജ് പട്നായിക്,ഡോ സുപ്രിയാ ഭാട്ടിയ,ദേവികാ മാത്തുർ, കൃതികാ ഗുപ്ത, കിരൺ കെ പി തുടങ്ങിയവർ വിവിധ സെഷനുകളിലായി ഫോറസ്റ്റ് പ്ലസ് ടു 2.0 പദ്ധതി സംബന്ധിച്ച ക്ളാസുകൾ നയിക്കും.

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ